# മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ

## ദൈവകൃപയാൽ

## ബാംഗ്ലൂർ ഭദ്രാസന ഇടവകയുടെ സഹായ മെത്രാപ്പോലീത്ത ഗീവർഗീസ് മാർ പീലക്സിനോസ് മെത്രാപ്പോലീത്തായിൽ നിന്നും

C. No. 03/2023

*കർത്താവിൽ നമ്മുടെ ബാംഗ്ലൂർ മെത്രാസനത്തിലെ എല്ലാ പള്ളികളിലെയും വികാരിമാരും സഹവികാരിമാരും ദേശത്തുപട്ടക്കാരും പള്ളി കൈസ്ഥാനികളും സെക്രട്ടറിമാരും ശേഷം വിശ്വാസികളും കൂടികണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്.*

കർത്താവിൽ പ്രിയരെ,

നമ്മുടെ കർത്താവിന്റെ ജനനപ്പെരുന്നാളിന്റെ ഒരുക്കം ഡിസംബർ 1 മുതൽ പരിശുദ്ധ നോമ്പിലൂടെ നാം ആരംഭിക്കുകയാണ്. ലോകരക്ഷകൻ ലോകത്തിന് വെളിപ്പെട്ടതിന്റെ അനുസ്മരണം നാം നടത്തുമ്പോൾ ക്രിസ്തു നമ്മിലൂടെ വീണ്ടും ലോകത്തിന് വെളിപ്പെടേണ്ടിയിരിക്കുന്നു. നോമ്പും, പ്രാർത്ഥനയും, ഉപവാസവും, ശുശ്രൂഷകളും, ദാനധർമ്മങ്ങളും രക്ഷകനിലേക്കുള്ള നമ്മുടെ ദൂരം കുറയ്ക്കുകയാണ്. നാമും ക്രിസ്തുവിന്റെ അടയാളമായി ലോകത്തിൽ തിളങ്ങുവാൻ ഈ നോമ്പുകാലം നമ്മെ സഹായിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു. പൂർണ്ണമായി നോമ്പ് അനുഷ്ഠിക്കുവാനും നോമ്പിന്റെ ദശാംശം നീക്കിവയ്ക്കുവാനും അത് അർഹതപ്പെട്ടവർക്ക് ജീവിതയാത്രയ്ക്കുള്ള കരുതലായി ഉപയോഗിക്കുവാനും ഇടയാകണം.

വീണ്ടും പ്രിയരെ, നമ്മുടെ ഭദ്രാസനദിനം 2024 ജനുവരിമാസം 7-ാം തീയതി ഞായറാഴ്ച ആചരിക്കുകയാണ്. അന്നേദിവസം വിശുദ്ധ കുർബ്ബാനമദ്ധ്യേ ഭദ്രാസനത്തിനു വേണ്ടി പ്രത്യേകം പ്രാർത്ഥന നടത്തേണ്ടതാണ്. ഭദ്രാസന കവർപിരിവ് വിജയകരമാക്കുവാൻ നിങ്ങളേവരും ആത്മാർത്ഥമായി പരിശ്രമിക്കണം. നമ്മുടെ ഭദ്രാസനത്തിന്റെ വികസനപ്രവർത്തനങ്ങൾക്ക് നിങ്ങൾ ഏവരും പ്രാർത്ഥനാപൂർവ്വം സഹകരിക്കണം. ഇടവക വികാരിയും കമ്മിറ്റി അംഗങ്ങളും ഭദ്രാസനദിന കവറുകൾ എല്ലാ ഭവനങ്ങളിലും എത്തിക്കുവാനും സംഭാവനകൾ സ്വീകരിക്കുവാനുമുള്ള ക്രമീകരണങ്ങൾ ചെയ്യണം. ഒരു കുടുംബം ഏറ്റവും കുറഞ്ഞത് 250 രൂപ സംഭാവനയായി നൽകണം എന്ന ഭദ്രാസന പൊതുയോഗതീരുമാനം വീണ്ടും നിങ്ങളെ ഓർമ്മിപ്പിക്കുന്നു. അതിൻപ്രകാരം ആ ഇടവകയുടെ ടാർജറ്റ് തുക .......................... രൂപ ആയിരിക്കുന്നതാണ്. ഇടവകയിൽ നിന്നും തുക സ്വീകരിക്കുന്ന തീയതി പിന്നീട് നാം അറിയിക്കുന്നതാണ്.

വീണ്ടും പ്രിയരെ, ഭദ്രാസനത്തിന്റെ വികസന പ്രവർത്തനങ്ങൾക്കു പുറമെ ഭദ്രാസനത്തിലെ വിവിധ സാമൂഹിക സഹായപദ്ധതികൾ ഭംഗിയായി നടക്കുന്നത് നിങ്ങളുടെ സഹായസഹകരണങ്ങൾ കൊണ്ടു മാത്രമാണ്. എല്ലാ വർഷവും ഗണ്യമായ തുക അർഹരായവർക്ക് ഭവനദാനപദ്ധതി, വിവാഹസഹായം, വിദ്യാഭ്യാസ സഹായം, ചികിത്സാ സഹായം തുടങ്ങിയവ നൽകുവാൻ നമുക്ക് സാധിച്ചിട്ടുണ്ട്. തുടർന്നും ഈ പ്രവർത്തനങ്ങൾ മുമ്പോട്ടു കൊണ്ടുപോകുവാൻ

*Contd... -2-*

നിങ്ങൾ ഏവരും ആത്മാർത്ഥമായി സഹായിക്കണം. നമ്മുടെ ദശാംശം ഇതിനായി മാറ്റി വയ്ക്കുവാനും, സാമ്പത്തികമായി ഉയർന്ന നിലയിലുള്ളവർ സംഭാവനകളായും ഈ പ്രവർത്തനങ്ങൾക്ക് കൈത്താങ്ങൽ നൽകണം. അർഹരായവർക്ക് ഈ സഹായപദ്ധതികൾ പ്രയോജനകരമാകുവാൻ ഇടവക ചുമതലക്കാർ പ്രത്യേകം ശ്രദ്ധിക്കണം.

നിങ്ങൾക്കേവർക്കും സമാധാനവും സന്തോഷവും നിറഞ്ഞ ക്രിസ്തുമസിന്റെയും, അനുഗ്രഹങ്ങളും നന്മകളും നിറഞ്ഞ പുതുവത്സരത്തിന്റെയും ആശംസകളും മുന്നമെ അറിയിക്കുന്നു.

*ശേഷം പിന്നാലെ. ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങളേവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ.*

**ഗീവർഗീസ് മാർ പീലക്സിനോസ് മെത്രാപ്പോലീത്ത**

2023 നവംബർ മാസം 23-ാം തീയതി
ബാംഗ്ലൂർ ഭദ്രാസന അരമനയിൽ നിന്നും